ഭരണഭാഷ – മാതൃഭാഷ

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം, തിരുവനന്തപുരം**

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ് - മുഖ്യനഗരാസൂത്രകന്റെ കാര്യാലയം,തിരുവനന്തപുരം - ജീവനക്കാര്യം - ശ്രീ. സുലൈമാൻ. എ ഓഫീസ്അറ്റൻഡന്റ്/ചെയിൻമാൻ/വാച്ചമാൻ - സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

---

**എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ**

**ഉത്തരവ് നമ്പർ. TCPCTP/1411/2020-A6 തീയതി :25/02/2021**

---

പരാമർശം :- ശ്രീ. സുലൈമാൻ. എ, ചെയിൻമാൻ (ഹ.ഗ്രേ)ന്റെ 19/08/2020- തീയതിയിലെ ഉചിതമാർഗ്ഗേനയുള്ള അപേക്ഷ.

**ഉത്തരവ്**

പാലക്കാട് ജില്ലാ ടൗൺപ്ലാനറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് / ചെയിൻമാൻ/ വാച്ചമാൻ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീ. സുലൈമാൻ. എ പരാമർശം (1) മുഖേന ഭാര്യയുടെ ചികിൽസാവശ്യത്തിനുള്ള സൗകര്യാർത്ഥം സ്ഥലംമാറ്റം ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നു . ശ്രീ. സുലൈമാൻ. എ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം 29/6/1995 പൂർവ്വാഹ്നം മുതൽ മുഖ്യനഗരാസൂത്രകന്റെ ഓഫിസിൽ ജോലിയിൽ പ്രവേശിച്ചയാളാണ്. ടിയാന്റെ സ്വന്തം ജില്ല തിരുവനന്തപുരമാണ്. ടിയാൻ 02-12-2016 മുതൽ നിർബന്ധിത സാഹചര്യത്തിൽ പാലക്കാട് ജില്ലാ ടൗൺപ്ലാനറുടെ കാര്യാലയത്തിൽ ജോലിനോക്കി വരികയാണ്.

തിരുവനന്തപുരം ജില്ലാ നഗരാസൂത്രകൻറെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ/വാച്ചമാൻ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീമതി . സുമാറാണി.എസ്- ന് തസ്തിക മാറ്റം മുഖേന ട്രേസർ തസ്തികയിലേക്ക് പുതിയ നിയമനം ലഭിക്കുകയും ടിയാൾ ടി തസ്തികയിൽ നിന്നും 18/02/2021 അപരാഹ്നത്തിൽ വിടുതൽ വാങ്ങി ട്രേസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിൽ നിലവിൽ ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ/വാച്ചമാൻ തസ്തികയിൽ ഒരു ഒഴിവ് വന്നിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പാലക്കാട് നഗരാസൂത്രകന്റെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ/വാച്ചമാൻ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീ. സുലൈമാൻ. എ യെ തിരുവനന്തപുരം ജില്ലാ നഗരാസൂത്രകയുടെ കാര്യാലയത്തിൽ നിലവിൽ ഒഴിവ് വന്നിട്ടുള്ള ഓഫീസ് അറ്റൻഡന്റ് /ചെയിൻമാൻ/വാച്ചമാൻ തസ്തികയിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

2141557

GOVERNMENT OF KERALA

ശ്രീ. സുലൈമാൻ. എ യഥാസമയം പാലക്കാട് ജില്ലാ ടൗൺപ്ലാനറുടെ കാര്യാലയത്തിൽ നിന്നും വിടുതൽ വാങ്ങി തിരുവനന്തപുരം ജില്ലാ നഗരാസൂത്രകയുടെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ/വാച്ച്മാൻ തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ടിയാന് പ്രവേശന കാലത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ടിയാൻ ജോലിയിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട മേലധികാരി സമയബന്ധിതമായി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Signature valid
Digitally signed by ASEENA A
Date: 2021.02.25 13:0?:?7 IST
Reason: Approved

**അസീം.എ**
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ശ്രീ. സുലൈമാൻ. എ, ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ/വാച്ച്മാൻ
(മേലധികാരി മുഖേന)

പകർപ്പ്:

1. സി.എ.മുഖേന മുഖ്യനഗരാസൂത്രകൻ.
2. ജില്ലാ ടൗൺപ്ലാനർ, പാലക്കാട്
3. ജില്ലാ ടൗൺപ്ലാനർ, തിരുവനന്തപുരം
4. വെബ് സൈറ്റ്
5. കരുതൽ ഫയൽ

2141558

GOVERNMENT OF KERALA